**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1558** **01-02-2024 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിൽ കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016 മെയ് മുതൽ 2024 ജനുവരി വരെ കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കുന്നതിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ പാറശ്ശാല മണ്ഡലത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; | (എ) | **2016 മെയ് മുതൽ 2024 ജനുവരി വരെ കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കുന്നതിന് വേണ്ടി പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും ലഭ്യമായിട്ടുള്ള ഭൂമി പതിവ് അപേക്ഷകളുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു.**<br><br>**കുന്നത്തുകാൽ - 112**<br><br>**വെള്ളറട - 280**<br><br>**പരശുവയ്ക്കൽ - 140**<br><br>**പാറശ്ശാല - 36**<br><br>**പെരുങ്കടവിള - 20**<br><br>**കൊല്ലയിൽ - 120**<br><br>**ആനാവൂർ - 8**<br><br>**അമ്പൂരി - 237**<br><br>**വാഴിച്ചൽ - 425**<br><br>**കള്ളിക്കാട് - 189**<br><br>**ഒറ്റശേഖരമംഗലം - 116**<br><br>**കീഴാറ്റൂർ - 105** |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | ടി അപേക്ഷകളിൽ പട്ടയം നൽകിയിട്ടുള്ളവരുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു.<br><br>**കുന്നത്തുകാൽ - 78**<br><br>**വെള്ളറട - 121** |

| | | | |
|---|---|---|---|
| | | | **പരശുവയ്ക്കൽ - 39**<br><br>**പാറശ്ശാല - 9**<br><br>**പെരുങ്കടവിള - 7**<br><br>**കൊല്ലയിൽ - 27**<br><br>**ആനാവൂർ - 7**<br><br>**അമ്പൂരി - 19**<br><br>**വാഴിച്ചൽ - 19**<br><br>**കള്ളിക്കാട് - 136**<br><br>ഒറ്റശേഖര മംഗലം - 10<br><br>കീഴാറ്റൂർ - 16 |
| (സി) | അപേക്ഷകളിന്മേൽ പട്ടയം നൽകാത്ത അപേക്ഷകൾ എത്രയെന്നും അവ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരം വ്യക്തമാക്കാമോ; | (സി) | കൊല്ലയിൽ വില്ലേജിൽ ഉൾപ്പെട്ട അപേക്ഷകളിൽ കളം പുറമ്പോക്ക് ഇനത്തിൽ ഉൾപ്പെടുന്ന 12 കേസുകളിലും പെരുമ്പഴുതൂർ വില്ലേജിലെ അപേക്ഷകളിൽ ഉൾപ്പെടുന്ന 3 കേസുകളിലും നടപടി സ്വീകരിച്ചു വരുന്നു.<br><br>കോളനി പട്ടയ അപേക്ഷകളിൽ ഭൂരിഭാഗം അപേക്ഷകളിലും സർവ്വെ നടപടി പൂർത്തിയാക്കി അപേക്ഷകളെ സർക്കാർ പുറമ്പോക്കു ഭൂമിയിൽ സ്ഥിതി ചെയ്യുന്നത്, പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്നത്, സ്വകാര്യ ഭൂമിയിൽ സ്ഥിതി ചെയ്യുന്നത്, എന്നിങ്ങനെ തിരിച്ചു നിയമ പ്രശ്നങ്ങൾ ലഘൂകരിച്ചു പട്ടയം നൽകുന്നതിന് "സ്വഭൂമി" എന്ന പേരിൽ ഒരു പദ്ധതി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിലെ പുറമ്പോക്ക് ഭൂമിയിലെ കോളനിയിൽ താമസിക്കുന്ന ഭൂരഹിതരായ 126 കുടുംബങ്ങൾക്കുള്ള പട്ടയം വിതരണത്തിന് തയ്യാറായിട്ടുള്ളതാണ്. കൂടാതെ പഞ്ചായത്തു കോളനി നിവാസികളായ 32 പേരുടെ ഭൂമി പതിവ് അപേക്ഷകളിൽ നടപടി അന്തിമ ഘട്ടത്തിലാണ്. ഇതിനുപുറമെ നിരവധി അപേക്ഷകളിൽ ഉൾപ്പെട്ട കോളനി ഭൂമി പുറമ്പോക്കാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഭൂമി പുറമ്പോക്കാക്കി മാറ്റി ടി അപേക്ഷകർക്ക് പട്ടയം നൽകുന്നതാണ്. ബാക്കി അപേക്ഷകൾ കേരള ഭൂമി പതിവ് ചട്ട പ്രകാരമുള്ള നടപടികളുടെ വിവിധ ഘട്ടങ്ങളിലാണ്. |

| | | | |
|---|---|---|---|
| (ഡി) | പാറശ്ശാല നിയോജകമണ്ഡലത്തിലെ അഞ്ചുചങ്ങല പ്രദേശങ്ങളിലുള്ള പട്ടയപ്രശ്നം റവന്യൂ, വനം, ജലസേചന വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം പരിഹരിക്കാൻ കഴിയാതെ നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | പാറശ്ശാല നിയോജക മണ്ഡലത്തിലെ അഞ്ചുചങ്ങല പ്രദേശത്തെ പട്ടയ പ്രശ്നം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. വാഴിച്ചൽ വില്ലേജിൽ ഉൾപ്പെടുന്ന അഞ്ചുചങ്ങല പ്രദേശത്തെ പട്ടയ വിതരണവുമായി ബന്ധപ്പെട്ട് 02.09.2022 തീയതിയിൽ റവന്യൂ വകുപ്പ് മന്ത്രി, എം.എൽ.എ, ഇറിഗേഷൻ വകുപ്പിലേയും, റവന്യൂ വകുപ്പിലേയും ഉന്നത ഉദ്യോഗസ്ഥരുമായി യോഗം ചേരുകയുണ്ടായി. തുടർന്ന് 27.01.2024 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടേയും, റവന്യൂ വകുപ്പ് മന്ത്രിയുടേയും, എ.എൽ.എ യുടേയും സാന്നിധ്യത്തിൽ വനം- ഇറിഗേഷൻ - റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. യോഗം തീരുമാനപ്രകാരം ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പട്ടയ വിതരണം ഉടൻ നടത്താനും വനം വകുപ്പുമായി ചില തർക്കങ്ങളുള്ള സ്ഥലത്ത് അക്കാര്യത്തിൽ വ്യക്തത വരുത്തിയ ശേഷം പട്ടയം നൽകാനും തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ